**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3868** **21.10.2016 ൽ മറുപടിയ്ക്ക്**

**"വിഷാംശം കലർന്ന പഴം,പച്ചക്കറികൾ "**

| ചോദ്യം<br>ശ്രീ. സി. കൃഷ്ണൻ | ഉത്തരം<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് വിഷാംശം കലർന്ന പഴം,പച്ചക്കറികളുടെ ഉല്പാദനവും വില്പനയും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇവയുടെ ഉല്പാദനവും വിതരണവും തടയുന്നതിന് നിലവിൽ സംവിധാനങ്ങളുണ്ടോയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ സംവിധാനങ്ങൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(സി) ഇതരസംസ്ഥാനങ്ങളിൽ നിന്ന് ഇത്തരം പച്ചക്കറികളുടെ സംസ്ഥാനത്തേക്കുള്ള കടന്നുവരവും വില്പനയും തടയുന്നതിന് നടപടികൾ സ്വീകരിക്കുമോ; നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ? | (ബി) യും (സി) യും ഇതര സംസ്ഥാനങ്ങളിൽ നിന്നു വരുന്ന പഴം-പച്ചക്കറികളുടെ സാമ്പിളുകൾ ചെക്ക് പോസ്റ്റുകളിൽ നിന്നുൾപ്പെടെ ശേഖരിച്ച് കീടനാശിനി അവശിഷ്ട പരിശോധനാ ലാബിലും ഭക്ഷ്യ സുരക്ഷാ വകുപ്പിനു കീഴിലുള്ള ലാബുകളിലും പരിശോധിച്ച് റിപ്പോർട്ട് പരസ്യപ്പെടുത്തുന്നുണ്ട്. അമിതമായ കീടനാശിനി പ്രയോഗത്തിനെതിരെ അയൽ സംസ്ഥാനങ്ങളിലെ കർഷകരിൽ ബോധവത്കരണം നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് ജൈവകൃഷിയുടെ വ്യാപനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. നല്ല കൃഷി മുറകൾ പാലിച്ചുകൊണ്ട് വിഷവിമുക്തമായ പച്ചക്കറി ഉത്പാദിപ്പിക്കുന്ന സംസ്ഥാനത്തെ കർഷകർക്ക് ധനസഹായവും നൽകുന്നുണ്ട്. കീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കുന്നതിനായി പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**